റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി

101 (167) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് വിഭജനത്തിനും, തിരുത്തുന്നതിനുംവേണ്ടി കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ 2010 ഡിസംബർ 1 വരെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തുവെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു ദിവസം ശരാശരി എത്ര റേഷൻ കാർഡുകൾ പുതുക്കിയും, തിരുത്തിയും നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ച അപേക്ഷകളുടെ എണ്ണം - 20299

തീരുമാനമെടുത്തത് - 16129

(ബി) 120 മുതൽ 150 എണ്ണം വരെ

(സി) രണ്ടു ഭാഷകളിലായിട്ടാണ് കാസർഗോഡ് താലൂക്കിൽ റേഷൻ കാർഡ് തയ്യാറാക്കേണ്ടത് (കന്നഡയും മലയാളവും). റേഷൻ കാർഡുകളിൽ പ്രത്യേകിച്ചും ചില പഞ്ചായത്തുകളിൽ, അംഗങ്ങളുടെ എണ്ണം താരതമ്യേന കൂടുതലാകയാൽ പേരുകളുടെ ഡാറ്റാ എൻട്രി രണ്ടുഭാഷകളിലായി ചെയ്യുവാൻ അധികസമയം വേണ്ടിവരുന്നു. സാധാരണ പ്രവൃത്തി ദിവസങ്ങൾ കൂടാതെ അവധി ദിവസങ്ങളിലും എല്ലാ ജീവനക്കാരുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തിവരുന്നു. ഡാറ്റാ എൻട്രി ത്വരിതപ്പെടുത്തുന്നതിനായി രണ്ടു താല്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേക്കൂടി നിയമിക്കുകയും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ലാഭം മാർക്കറ്റിലെ പായ്ക്കിംഗ് തൊഴിലാളികളുടെ വേതനം കൂട്ടി നൽകാൻ നടപടി

102 (168) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാഭം മാർക്കറ്റിൽ ജോലി ചെയ്യുന്ന പായ്ക്കിംഗ് തൊഴിലാളികൾക്ക് പായ്ക്കറ്റ് ഒന്നിന് നിലവിൽ കൊടുക്കുന്ന വേതനം 25 പൈസ എന്നത് കൂട്ടി നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly